## സിമ്പോസിയം

# ചില അടിയൊഴുക്കുകൾ

**ടി.പി കുട്ടിയമ്മു**

ഇസ്‌ലാമിക ശരീഅത്ത് മുസ്‌ലിംകളുടെ മതത്തിന്റെ ഒരവിഭാജ്യഘടകമാണ്. അതനുസരിച്ച് ജീവിക്കുന്നത് അവരുടെ മതവിശ്വാസം ഊട്ടിയുറപ്പിക്കാനും സാംസ്കാരിക സവിശേഷത വളർത്താനും വ്യക്തിത്വം നിലനിർത്താനും ആവശ്യമാണ്. ശരീഅത്തിന്റെ ഒരു ഭാഗമായ മുസ്‌ലിം വ്യക്തിനിയമങ്ങൾ മുസ്‌ലിംകളുടെ വിവാഹം, വിവാഹമോചനം, അനന്തരാവകാശം, ഔഖാഫ് എന്നിവയെ സംബന്ധിച്ചവയാണ്. ഇത് മുസ്‌ലിംകളെയല്ലാതെ മറ്റാരെയും ബാധിക്കുന്നില്ല. ഇതിൽ സ്ഥലകാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നത് ശരീഅത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. അല്ലാത്തതൊന്നും മുസ്‌ലിംകൾക്ക് സ്വീകാര്യമല്ല. ശരീഅത്തിന് നിരക്കാത്ത ചില മാറ്റങ്ങൾ വരുത്താൻ നിയമനിർമാതാക്കൾ ശ്രമിച്ചപ്പോഴെല്ലാം മുസ്‌ലിം സമുദായം ഒറ്റക്കെട്ടായി നിന്ന് അതിനെ ചെറുത്തു തോൽപിച്ചിട്ടുണ്ട്. എന്നാൽ ഇന്ത്യൻ ജനതക്കാകെ ഒരേകീകൃത സിവിൽകോഡ് നേടിയെടുക്കേണമെന്ന നിർദേശകതത്ത്വത്തിന്റെ അടിസ്ഥാനത്തിൽ പല ഒഴികഴിവുകളും ഉന്നയിച്ചുകൊണ്ട് ഈ വ്യക്തിനിയമങ്ങളിൽ ഭേദഗതികൾ വരുത്താൻ പല ശക്തികളും പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു. മുസ്‌ലിംകളുടെ മതവിശ്വാസത്തിൽ ഇടപെടാതിരിക്കൽ ഭരണഘടന അവർക്ക് നൽകുന്ന മൗലികാവകാശമത്രെ. കൂടാതെ ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ന്യൂനപക്ഷമെങ്കിലും, വമ്പിച്ച ഒരു സമൂഹത്തിന്റെ വികാരങ്ങളെ മാനിക്കേണ്ടതും ഒരു കടമയാണ്. ലളിതമായ ഈ സത്യത്തെ ധിക്കരിക്കാൻ തയാറായി നിൽക്കുന്നവർ ഇവിടെ ധാരാളമുണ്ട്. അതിൽ സദുദ്ദേശ്യവും ദുരുദ്ദേശ്യവുമുണ്ട്. നമുക്ക് ഇതിനെ അപഗ്രഥിക്കാം.

ഇതിനു മുമ്പ് ഇന്ത്യൻ രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ ചില യാഥാർഥ്യങ്ങൾ നാം ഓർക്കേണ്ടതുണ്ട്. ഒന്നാമത് ജാതി. ഒരുതരം പുനർജന്മത്തിലും വർണാശ്രമ ധർമത്തിലും വിശ്വസിക്കുന്നവരാണ് ഭൂരിപക്ഷം ഹിന്ദുക്കളും. അതിൽ സമ്മർദങ്ങൾക്ക് വിധേയമായി പല മാറ്റങ്ങളും വന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ഇന്നും അതൊരു സത്യമായിത്തന്നെ നിലനിന്നു പോരുന്നു. ഇന്ത്യ ഭരിക്കുന്നത് ഉന്നത ജാതരായ ഒരു ചെറിയ വിഭാഗമാണ്. അവരുടെ സ്ഥാപിതതാൽപര്യങ്ങൾ നിലനിർത്താൻ അവർ എക്കാലത്തും എല്ലാ അടവുകളും പ്രയോഗിച്ചുവന്നിട്ടുണ്ട്. ഇന്നും പ്രയോഗിച്ചുകൊണ്ടേയിരിക്കുന്നു. ഇതിന് കൂട്ടുനിൽക്കാത്ത മുസൽമാന്മാരെയും ഇസ്‌ലാമിനെയും മറ്റുള്ളവരെയും അവർ ഇഷ്ടപ്പെടുന്നില്ല. പട്ടികജാതിക്കാർക്ക് പ്രത്യേക നിയോജകമണ്ഡലം അനുവദിക്കുന്നതിനെ ഗാന്ധിജി നിരാഹാര സത്യാഗ്രഹത്തിൽ കൂടി എതിർത്തു തോൽപിച്ചത് ഇതിനൊരുദാഹരണമാണ്. എല്ലാ നിലയിലും മർദിക്കപ്പെടുകയും, ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന പട്ടികജാതിക്കാരെ സംഘടിപ്പിച്ച് അവരുടെ മൗലികാവകാശങ്ങൾക്കും സാമ്പത്തിക ഉന്നമനത്തിനും വേണ്ടി പോരാടാൻ കമ്യൂണിസ്റ്റുകാർ പോലും മുന്നോട്ട് വരാത്തത്, ആ പാർട്ടിക്കാരുടെ നേതാക്കളും ഉന്നത ജാതിക്കാരായതു കൊണ്ടു കൂടിയാണ്. താഴ്ന്ന ജാതിക്കാർ തങ്ങളുടെ ദുരവസ്ഥയിൽനിന്ന് സാമൂഹിക തലത്തിലെങ്കിലും മോചനം നേടാൻ മതംമാറാൻ ഒരുങ്ങുമ്പോൾ ക്ഷേത്ര പ്രവേശനം അനുവദിച്ചും, മിശ്രഭോജനം ഏർപ്പെടുത്തിയും, ഭീഷണിപ്പെടുത്തിയും മറ്റും അതിനെ നിരുത്സാഹപ്പെടുത്തുകയല്ലാതെ അവരുടെ ഉന്നമനത്തിനായി ഫലപ്രദമായി ഉയർന്ന ജാതിക്കാർ ഒന്നും ചെയ്യുന്നില്ല.

മറ്റൊരു സത്യം, ഇവിടെ– പ്രത്യേകിച്ച് രാഷ്ട്രീയ, സാമൂഹിക തലങ്ങളിൽ– ഒരാൾ വിചാരിക്കുന്നതും വിശ്വസിക്കുന്നതും ഒന്ന്, പറയുന്നത് മറ്റൊന്ന്, ചെയ്യുന്നത് വേറെയൊന്ന് എന്നതാണ്. ഒരു ഹിന്ദു എന്ത് വിശ്വസിക്കാൻ ഇഷ്ടപ്പെടുന്നുവോ അത് വിശ്വസിക്കാം എന്ന് പറയാറുണ്ട്. ഹിന്ദുമതം ശരിക്കും നിർവചിക്കപ്പെട്ടിട്ടില്ല. അവർ പല സിദ്ധാന്തങ്ങളിലും വിശ്വസിക്കുന്നു. ഏറ്റവും ഉത്തമമെന്ന് അവർ തന്നെ പറയുന്നത് അദ്വൈത സിദ്ധാന്തമാണ്. ദൈവമല്ലാത്ത ഒന്നുംതന്നെ ഇല്ലെന്നും, മറ്റുള്ളതെല്ലാം മായയാണെന്നും ലീലയാണെന്നും, എല്ലാ സൃഷ്ടികളിലും ദൈവാംശം ഉണ്ടെന്നുമാണ് ഇതിന്റെ സാരം. ഈ സിദ്ധാന്തം (വഹ്ദത്തുൽ വുജൂദ്) മുസ്‌ലിം സ്വൂഫിസത്തിലും കടന്നുവന്ന് അതിനെ വികൃതമാക്കിയത് നമുക്കറിയാം. നമസ്കാരത്തിലും നോമ്പിലുമൊന്നും താൽപര്യമില്ലാത്ത മുസ്‌ലിം ആധുനികത്വവാദികൾ അവരുടെ സർവമത സത്യവാദത്തിന് ഉപോൽബലകമായി പറയുന്നത് ഈ സിദ്ധാന്തം തന്നെയാണ്. ഈ തത്ത്വം പ്രായോഗിക മണ്ഡലത്തിൽ വരുമ്പോൾ, പച്ചയായി പറഞ്ഞാൽ ഇങ്ങനെ വരും: "ഞാൻ കൈകൂപ്പിനിന്ന് തൊഴുതുമ്പോൾ നിന്നിലുള്ള ദൈവത്തെ തൊഴുന്നു. നീയും ഞാനും ഒന്നുതന്നെ. എന്റേതെല്ലാം നിനക്കുള്ളതത്രെ. നിന്റേതെല്ലാം എനിക്കുള്ളതും. അതുകൊണ്ട് തൽക്കാലം നിന്റേത് എന്റെ കൈയിലിരിക്കട്ടെ!"

മേൽപറഞ്ഞ പ്രവണതകളുടെ ഫലമായി ഹിന്ദുക്കൾ എക്കാലത്തും സർവമത സത്യം വാദിക്കുന്നവരാണ്. ഈ വാദത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും അവരവരുടെ മതമനുസരിച്ച് ജീവിച്ചുകൊള്ളട്ടെയെന്ന് വെച്ച് അവരെ വെറുതെ വിടുന്ന ഒട്ടനേകം നല്ലയാളുകൾ അവരിലുണ്ട്. മറിച്ച്, ഈ വാദം ഉന്നയിച്ചുകൊണ്ട് മറ്റു മതങ്ങളിൽ മായം ചേർത്ത് അവയെല്ലം ഹിന്ദുമതത്തിൽ ലയിപ്പിച്ചു തളർത്തുകയും, തങ്ങളുടെ സ്വാർഥതാൽപര്യങ്ങൾ പോഷിപ്പിക്കുകയും ചെയ്യുന്നവരുമുണ്ട്. ബൽരാജ് മധോക്ക് ഒരു പുതിയ പാർട്ടിക്ക് രൂപം നൽകുകയാണ്. "ഇതിന്റെ മുഖ്യലക്ഷ്യം ജനങ്ങളിൽ ദേശീയബോധം വളർത്തുകയായിരിക്കും. എല്ലാ ഭാരതീയരെയും ഒരേപോലെ

കാണുന്ന നിയമനിർമാണമാണ് പാർട്ടിയുടെ ലക്ഷ്യം. മതപരിവർത്തനം, ഗോവധം എന്നിവ പൂർണമായി നിരോധിക്കുക; ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക അവകാശങ്ങളും ജമ്മു–കശ്മീരിന് പ്രത്യേക പരിഗണനയും നൽകുന്ന ഭരണഘടനാ വ്യവസ്ഥകൾ റദ്ദാക്കുക തുടങ്ങിയവയും പാർട്ടിയുടെ ലക്ഷ്യങ്ങളായിരിക്കും." ഈ പരിപാടിയെ അക്രമമാർഗങ്ങളിലൂടെ സാധിപ്പിക്കുകയാണ് ബാൽതാക്കറെയുടെ ജോലി. 'മുസ്‌ലിംകൾ രാജ്യത്ത് ഒരു കാൻസർ പോലെ പിടിച്ചിരിക്കുകയാണ്. ഈ കാൻസറിന് ഓപ്പറേഷനല്ലാതെ ചികിത്സയില്ല. ഞാൻ കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ മുസ്‌ലിംകൾക്ക് 48 മണിക്കൂർ അവധി നൽകും. അവരോടു പറയും: നിങ്ങൾ ഇന്ത്യക്കാരാണെന്ന് തെളിയിക്കുക. നിങ്ങളുടെ മനസ്സും ഹൃദയവും പാകിസ്താനിലാണെങ്കിൽ നിങ്ങളുടെ ശരീരവും കൊണ്ട് ഇവിടെ നിൽക്കാൻ സാധ്യമല്ല.... മുസ്‌ലിംകൾക്ക് ഖുർആനോ ഇന്ത്യയോ എന്താണ് വേണ്ടതെന്ന് അവർ തീരുമാനിക്കണം. അവരുടെ യജമാനന്മാരെ ശരിക്കും മനസ്സിലാക്കി അവർക്ക് വഴങ്ങുകയും വേണം'– എന്നാണ് അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്നത്. ബൽരാജ് മധോക്കും ബാൽഗംഗാധർ താക്കറെയും ഒറ്റപ്പെട്ട വ്യക്തികളല്ല. ഹിന്ദി പ്രദേശങ്ങളിൽ വ്യാപകമായും മറ്റു പ്രദേശങ്ങളിൽ കുറേശയായും ഇവരെപ്പോലെ ചിന്തിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ധാരാളം ഹൈന്ദവ രാഷ്ട്രവാദികൾ ഉണ്ട്.

അവർ ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. മുസ്‌ലിംകൾ ഇന്ത്യയിൽ പ്രവേശിച്ചപ്പോൾ തന്നെ അവരെ തങ്ങളുടെ സംസ്കാരസാഗരത്തിൽ ലയിപ്പിക്കാൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. അദ്വൈത സിദ്ധാന്തവും സർവമത സത്യവാദവുമായിരുന്നു അവരുടെ മാർഗം. മഹാനായ അക്ബർ എന്ന് പ്രകീർത്തിക്കപ്പെടുന്ന സുൽത്താൻ അക്ബർ 'ദീനെ ഇലാഹി' എന്ന ഒരു പുതിയ മതം ഉണ്ടാക്കാൻ ശ്രമിച്ചത് ആ പ്രക്രിയയുടെ ഒരു ഭാഗം മാത്രമായിരുന്നു. അദ്ദേഹത്തിന്റെ രജപുത്ര പത്നിമാരും ഉപദേശകരും മറ്റും ചേർന്ന് ഇസ്‌ലാമിന്റെ വേരറുക്കാനുള്ള ഒരു ശ്രമമായിരുന്നു അന്ന് നടന്നത്. ഹിന്ദു സമ്പ്രദായങ്ങളും ഇസ്‌ലാമും കൂട്ടിക്കുഴച്ച് ഒരു അവിയൽ മതം ഉണ്ടാക്കാൻ അവർ ശ്രമിച്ചു. പക്ഷേ, ഇസ്‌ലാമിനെതിരെ വന്ന ആ മഹാവെല്ലുവിളിയെ ശക്തമായിത്തന്നെ മുസ്‌ലിംകൾ എതിർത്തു തോൽപിച്ചു. ഈ ലയിപ്പിക്കൽ പ്രസ്ഥാനം തുടർന്നും വന്നുകൊണ്ടേയിരിക്കുന്നുണ്ട്. മുസ്‌ലിംകളെ മുസ്‌ലിംകളല്ലാതാക്കുകയാണ് എല്ലാവരുടെയും ഉദ്ദേശ്യം. ഈ പ്രക്രിയ ഇങ്ങനെ തുടർന്നുപോയാൽ എവിടെ ചെന്നെത്തുമെന്നത് ദുരൂഹമായിരിക്കുന്നു. ഹിന്ദുസമുദായത്തിലുണ്ടായ ഒരു പുരോഗമന വിഭാഗമായ സിക്കുകാരെ ഹൈന്ദവ സമൂഹത്തിൽ പൂർണമായും ലയിപ്പിക്കാനുണ്ടായ പരിശ്രമങ്ങളുടെ അനന്തരഫലം നാം കണ്ടതല്ലേയുള്ളൂ. ഒരു നിരീശ്വരവാദിയായ കുശ്‌വന്ത്സിംഗ് പോലും തന്റെ പാരമ്പര്യം നിലനിർത്തണമെന്ന ധാരണയിന്മേൽ പത്മശ്രീ മടക്കിക്കൊടുത്തത് ശ്രദ്ധേയമാണ്. പഞ്ചാബിൽ സിക്കുകാർ എടുത്ത നടപടികൾ അടിമുടി അബദ്ധമായിരുന്നുവെങ്കിലും, അവരുടെ സവിശേഷ പാരമ്പര്യത്തിനു ഹാനിവരുമെന്ന ഭയാശങ്കയായിരുന്നു അവരെ ഇതിലെത്തിച്ചത് എന്ന് നാം ഓർക്കേണ്ടതാണ്.

മുസ്‌ലിം വ്യക്തിനിയമം അനുവദിക്കുന്ന ബഹുഭാര്യാത്വമാണ് ഹൈന്ദവ തീവ്രവാദികൾ ആക്ഷേപകരമായി ഉദ്ധരിക്കുന്നത്. മുസ്‌ലിംകൾ മൂന്നും നാലും പെണ്ണുകെട്ടി മക്കളെ ഉണ്ടാക്കിവിടുന്നു; അങ്ങനെ മുസ്‌ലിം ജനസംഖ്യ ബഹുശീഘ്രം വളർന്നുവരികയാണ്. ഇത് മറ്റുള്ളവർക്ക് ഒരു ഭീഷണിയാണ് എന്നൊക്കെയാണ് അവർ പറയുന്നത്. മതേതര രാഷ്ട്രത്തിൽ ഏതെങ്കിലും ഒരു വിഭാഗം ഏറുകയോ കുറയുകയോ ചെയ്യുന്നതിൽ പരാതിപ്പെടേണ്ട ആവശ്യമില്ല. അതിനുപുറമെ, മുസ്‌ലിം ജനസംഖ്യ പെരുകി വരുന്നുണ്ടെങ്കിൽ, അതിന്റെ കാരണം ബഹുഭാര്യാത്വമല്ലതന്നെ. ഒന്നാമത്, ബഹുഭാര്യാത്വം മുസ്‌ലിംകളുടെ ഇടയിൽ സാർവത്രികമല്ല. മറ്റു ജാതിക്കാരും ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ ചിലപ്പോൾ ഒന്നിലധികം സ്ത്രീകളെ വെച്ചുപോരുന്നുണ്ട്. രണ്ടാമത്, രണ്ടോ മൂന്നോ സ്ത്രീകൾക്ക് ഒരു ഭർത്താവിൽനിന്നുണ്ടാകുന്നതിനേക്കാൾ ജാസ്തി മക്കൾ അവർക്ക് വെവ്വേറെ ഭർത്താക്കന്മാരുണ്ടെങ്കിലാണ് ഉണ്ടാവുക. വാസ്തവത്തിൽ ജനസംഖ്യയുടെ വർധനവിന് പ്രധാന കാരണം ദാരിദ്ര്യമാണ്. മുസ്‌ലിംകളുടെ ഇടയിലാണ് ദാരിദ്ര്യരേഖയുടെ താഴെയുള്ളവരിലധികവും. അവരാണ് പെറ്റുപെരുകുന്നതും. അവരുടെ ജനസംഖ്യ നിയന്ത്രിക്കുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗം അവരുടെ ധനസ്ഥിതി മെച്ചപ്പെടുത്തുകയാണ്. സ്ഥിതിവിവരക്കണക്കുകൾ കണ്ണിൽ മഷിയിട്ട് പരിശോധിച്ച്, മുസ്‌ലിംകൾ ഏറിവരുന്നു എന്ന് കണ്ടുപിടിക്കുന്നവർ അവരുടെ സാമൂഹിക സ്ഥിതിയെപ്പറ്റിയുള്ള കണക്കുകളും പരിശോധിക്കട്ടെ. വിദ്യാഭ്യാസം, തൊഴിൽ തുറകൾ, ഉദ്യോഗങ്ങൾ, വ്യാപാര വ്യവസായാനുകൂല്യങ്ങൾ ഇതിലെല്ലാം അവർ വളരെ വളരെ പിന്തള്ളപ്പെടുന്നു. ഇതൊന്നും അവർ കാണാതെ പോകുന്നത് ആശ്ചര്യകരംതന്നെ. അതുകൊണ്ട് മധോക്കുമാരോടും താക്കറെമാരോടും നമുക്ക് പറയാനുള്ളത് മുസ്‌ലിംകളെ 'നന്നാക്കാൻ' ചെലവഴിക്കുന്ന ശ്രമവും പണവുമെല്ലാം അവരുടെ സമുദായത്തിലെ അധഃസ്ഥിതരെ ഉദ്ധരിക്കാൻ ചെലവഴിക്കുക എന്നു മാത്രമാണ്.

മുസ്‌ലിം വ്യക്തിനിയമങ്ങളെ മാറ്റാൻ വെമ്പൽ കൊള്ളുന്ന മറ്റൊരു വിഭാഗം ഇവിടത്തെ കമ്യൂണിസ്റ്റുകാരാണ്. അവർക്കാകട്ടെ, ഇസ്‌ലാമിന്റെ വിശ്വാസ സംഹിതയും അസ്തിത്വവും എല്ലാംതന്നെ അസ്വീകാര്യമാണ്. മുസ്‌ലിംകളെ മുസ്‌ലിംകളല്ലാതാക്കുകയാണ് അവരുടെ പ്രഖ്യാപിത ലക്ഷ്യം. അവർക്ക് അധികാരം ലഭിച്ചാൽ മതം തന്നെ നശിപ്പിക്കാൻ അവർ മടിക്കില്ലെന്നത് ചരിത്ര സത്യമാണല്ലോ. അതുകൊണ്ട് മുസ്‌ലിം വ്യക്തിനിയമങ്ങളെ അവരുടെ പ്രത്യയശാസ്ത്രത്തിന് അനുയോജ്യമായ നിലയിൽ മാറ്റിക്കൊണ്ടുവരാൻ അവർ ശ്രമിക്കുമെന്നത് തീർച്ച. മി. ഹമീദ് ചേന്ദമംഗല്ലൂർ (*മാതൃഭൂമി* 17.6.'84) വാദിക്കുന്നത് വ്യക്തി നിയമങ്ങളും ഇസ്‌ലാമിക സംസ്കാരവും തമ്മിൽ ബന്ധമില്ലെന്നാണ്. വിശ്വാസം, ആചാരം, അനുഷ്ഠാനമുറകൾ, കുടുംബബന്ധങ്ങളും ബാധ്യതകളും, സാമൂഹികബന്ധങ്ങളും ബാധ്യതകളും ഇതെല്ലാം ഉൾക്കൊള്ളുന്ന, ഇതെല്ലാം സമഞ്ജസമായി സമ്മേളിച്ചുനിൽക്കുന്ന ഒരു മനോഹരമായ ജീവിതവ്യവസ്ഥയാണ് ഇസ്‌ലാം. അതിൽ ശാശ്വതമായ ചില കാര്യങ്ങൾ ഉണ്ട്. കമ്യൂണിസ്റ്റുകാരെപ്പോലെ തന്ത്രം നോക്കി മാറ്റി മാറ്റി പറയാവുന്ന കാര്യങ്ങളല്ല അതൊന്നും. മതസംസ്കരണത്തിൽനിന്നും ഭിന്നമാണെന്ന് തെളിയിക്കാൻ മി. ഹമീദ് ഉദ്ധരിക്കുന്നത് സുഊദി അറേബ്യ, ഇറാൻ, പാകിസ്താൻ, ബംഗ്ലാദേശ് മുതലായ പ്രദേശങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളാണ്. ഭാഷാപരവും മറ്റുമായ വ്യത്യാസങ്ങൾ ഉണ്ടെന്നത് സത്യം. എന്നാൽ ഇസ്‌ലാമികമായ പലതും ഈ ജനതകളെ ഒരേ ചരടിൽ കോർത്ത് കെട്ടുന്നുവെന്നുള്ളത് ഒരിക്കലും മറക്കരുത്. ആ രാജ്യങ്ങളിലെ ഇന്നത്തെ ഇസ്‌ലാമിക ആവേശം ചരിത്രപരമായ കാരണങ്ങളാൽ ദേശീയത മുതാലയ ചരിത്രവാസനകളെ അതിജയിക്കാൻ സാധിച്ചിട്ടില്ല എന്നത് നേരുതന്നെ. എന്നാൽ ബംഗ്ലാദേശ് ബങ്കാളി ഭാഷയെ മാത്രം അടിസ്ഥാനമാക്കിയുള്ള ഒരു രാജ്യമാണെങ്കിൽ പശ്ചിമബംഗാളും ചേർന്ന് ഒരു രാഷ്ട്രമാകേണ്ടതല്ലേ? ബംഗ്ലാദേശ് രൂപീകരണം മൂലം വാസ്തവത്തിൽ ഉണ്ടായത് ഒരു പാകിസ്താന് പകരം രണ്ട് പാകിസ്താൻ ഉണ്ടായെന്നു മാത്രം. ഇറാനും അറേബ്യയും യോജിപ്പിക്കാൻ ഇസ്‌ലാമിനു കഴിഞ്ഞിട്ടുണ്ടായിരുന്നു.

ഇനിയും കഴിയും– ഇൻശാ അല്ലാഹ്. അവിടങ്ങളിൽ സ്ഥാപിത താൽപര്യങ്ങളും ഛിദ്രവാസനകളും അവസാനിക്കണമെന്നു മാത്രം. മി. ഹമീദിന് പിടിക്കാത്തത് ബഹുഭാര്യാത്വം, അനന്തരാവകാശത്തിൽ സ്ത്രീ പുരുഷന്മാർക്കുള്ള ഓഹരികളിലുള്ള വ്യത്യാസം മുതലായവയാണ്. മൊഴിചൊല്ലിയ പെണ്ണിന് ഇദ്ദ കഴിഞ്ഞാലും, പുനർവിവാഹം വരെ ആദ്യഭർത്താവ് ചെലവിന് കൊടുക്കണമെന്ന് പറയുന്നത് സ്ത്രീ പുരുഷ സമത്വത്തിന് യോജിക്കുന്നതാണോ എന്ന് ചിന്തിച്ചുനോക്കേണ്ടതാണ്. മുസ്‌ലിം സംസ്കാരത്തിന്റെ ഒരു സുപ്രധാന ഘടകമാണ് ശരീഅത്തും അതിലെ വ്യക്തിനിയമങ്ങളും. അവയെ ഇഷ്ടം പോലെ മാറ്റിമറിച്ചാൽ കുടുംബബന്ധങ്ങളും സാമൂഹികബന്ധങ്ങളും ക്ഷയിക്കുമെന്ന് തീർച്ച.

ഹൈന്ദവ രാഷ്ട്രവാദികളെയും കമ്യൂണിസ്റ്റ് യുക്തിവാദികളെയും മാറ്റിനിർത്തിയാൽ ഇവിടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങളും മുസ്‌ലിംകളുടെ കാര്യങ്ങളിൽ അവരുടെ വികാരങ്ങളെ മാനിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. പക്ഷേ, മതവും സിവിൽ നിയമങ്ങളും തമ്മിൽ എന്താണ് ബന്ധമെന്ന് അവർക്ക് മനസ്സിലാകുന്നില്ല. ഇന്ത്യക്കാർക്കൊട്ടാകെ ജനാധിപത്യ മര്യാദയനുസരിച്ച് ചർച്ച ചെയ്ത് ഒരേക സിവിൽ കോഡ് ഉണ്ടാക്കുന്നതല്ലേ ഭൂഷണം എന്ന് അവർ ചോദിക്കുന്നു. ഇസ്‌ലാം ഒരു സമ്പൂർണ ജീവിതപദ്ധതിയാണെന്നും കുടുംബബന്ധവും സാമൂഹികബന്ധവും അതിൽ പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണെന്നും, ഇവയുടെ നിയന്ത്രണത്തിന്റെ മുഖ്യവശങ്ങൾ വിശുദ്ധ ഖുർആനിലും ഹദീസ് ശരീഫിലുമുള്ള മൂല്യങ്ങളെ ആധാരമാക്കിക്കൊണ്ടുതന്നെ ആയിരിക്കണമെന്നും അവരെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കേണ്ടത് നമ്മുടെ കടമയാണ്. ശരീഅത്ത് നിയമങ്ങളെല്ലാം യുക്തിയുക്തവും പ്രകൃതിക്കനുയോജ്യവുമാണെന്ന് തെളിയിക്കാൻ പ്രയാസമില്ല. അവയിൽ ബഹുഭാര്യാത്വം, വിവാഹമോചനം മുതലായവയെ സംബന്ധിച്ച് അനുവദനീയമായ ചില കാര്യങ്ങൾ ദുരുപയോഗപ്പെടുത്തുന്നുവെന്നത് സത്യമാണ്. ആ ദുരുപയോഗങ്ങൾ തടയാനുള്ള മാർഗങ്ങളും ശരീഅത്തുതന്നെ പഠിപ്പിക്കുന്നുമുണ്ട്. ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വ്യക്തിനിയമങ്ങളെ ഭേദഗതി ചെയ്യാനും വ്യാഖ്യാനിക്കാനും മുസ്‌ലിംകൾക്കാഗ്രഹമുണ്ട്. പക്ഷേ, അത് അവർക്ക് സ്വീകാര്യമായ പണ്ഡിതന്മാരുടെ നിർദേശമനുസരിച്ചായിരിക്കണം. 'അഖിലേന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്' എന്ന സ്ഥാപനം ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുന്നു. പക്ഷേ അവരുടെ– അതായത് മുസ്‌ലിംകളുടെ യഥാർഥ വികാരം മാനിച്ചുകൊണ്ടുള്ള– നിർദേശങ്ങൾ നമ്മുടെ നിയമനിർമാണ സഭകൾ സ്വീകരിക്കുമോ? നിർദേശക തത്ത്വങ്ങളിലെ ഏക സിവിൽകോഡിനെക്കുറിച്ചുള്ള നിർദേശത്തിൽ മുസ്‌ലിം ശരീഅത്തിന് നിരക്കാത്തവയൊന്നും അവരുടെ വ്യക്തിനിയമങ്ങളിൽ ചേർത്തുകയില്ലെന്ന് ഒരു ഭേദഗതി വരുത്തി ഉറപ്പുതരുമോ? അങ്ങനെ ഒരു ഉറപ്പ് കിട്ടുന്നതുവരെ ശരീഅത്ത് ഭേദഗതികൾ വരുത്തുന്നതിനെ മുസ്‌ലിംകൾ കരുതലോടെ വീക്ഷിക്കേണ്ടതും ശരീഅത്തിന് വിരുദ്ധമായി വല്ലതും വരുന്നത് കണ്ടാൽ ശക്തിയായി, ഏകകണ്ഠമായി എതിർക്കേണ്ടതുമാണ്.

മുസ്‌ലിംകളുടെ ഇടയിലുള്ള ആധുനികത്വവാദികളൊഴിച്ച് എല്ലാ വിഭാഗങ്ങളും ഇക്കാര്യത്തിൽ യോജിക്കുന്നുണ്ട്. 'ഇസ്‌ലാം ആന്റ് മോഡേൺ ഏജ് സൊസൈറ്റി' എന്ന സംഘടന ഇസ്‌ലാമിക ശരീഅത്ത് നിയമങ്ങളെ 'കാലാനുസൃത'മായി മാറ്റണമെന്ന് വാദിക്കുന്നവരാണ്. അവർ ഹദീസ് ശരീഫിനെ മൗലികാധാരമായി സ്വീകരിക്കുന്നില്ല. വിശുദ്ധ ഖുർആന്റെ വ്യാഖ്യാനമായ ഹദീസിനെ മാറ്റിനിർത്തിയാൽ ഖുർആൻ വാക്യങ്ങളെ തോന്നിയതുപോലെ വ്യാഖ്യാനിക്കാമല്ലോ. ആധുനികത്വവാദികളുടെ ലക്ഷ്യം 'ആധുനികത്വം' തന്നെ. ഏകഭാര്യാവ്രതം, സ്ത്രീ സ്വാതന്ത്ര്യം, ദത്തെടുക്കൽ മുതലായ പലതിലും പാശ്ചാത്യരെ അവർ മാതൃകയായി കാണുന്നു. അവർക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നത് ഓറിയന്റലിസ്റ്റ് സാഹിത്യമാണ്. സർവമത സത്യമെന്ന വാദത്തിന് അവരെ സ്വാധീനിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിനുള്ള സൈദ്ധാന്തിക ബലത്തിന് അദ്വൈത വിശ്വാസത്തെ (വഹ്ദത്തുൽ വുജൂദ്) അവർ എടുത്തുകാട്ടുന്നു. കേരളത്തിൽ ഇവരുടെ അരങ്ങേറ്റം 1965–ലെ 'ഇസ്‌ലാമിക് സെമിനാറി'ൽ മി. എൻ.പി മുഹമ്മദ് ശരീഅത്ത് വ്യവസ്ഥകളെപ്പറ്റി ഒരു പ്രബന്ധം അവതരിപ്പിച്ചതോടെയാണുണ്ടായത് 1970–'71–ൽ മോഡേൺ ഏജ് സൊസൈറ്റിയുടെ ബ്രാഞ്ച് കേരളത്തിൽ ഉണ്ടായി. അവർ ശരീഅത്ത് പരിഷ്കരണത്തിനു വേണ്ടി വാദിച്ചുകൊണ്ട് സംഘടിപ്പിച്ച ചർച്ചകളും പ്രസിദ്ധീകരണങ്ങളും നിവേദനങ്ങളും മുസ്‌ലിംകളെ പ്രകോപിപ്പിക്കുകയും അവരുടെ ഒറ്റക്കെട്ടായുള്ള എതിർപ്പിന്മേൽ അവ കെട്ടടങ്ങുകയും ഉണ്ടായി. ഇന്ന് മി. മുഹമ്മദിന് കുറേക്കൂടി പാകത വന്നതായി അദ്ദേഹം പറയുന്നു: "അന്ന് ഞങ്ങളുടെ വഴി പ്രകോപനമായിരുന്നു. ചിന്താപരമായ വിപ്ലവത്തിന്റെ മാർഗം പ്രകോപനമല്ല, പ്രേരണയാണ്. ബഹുഭാര്യാത്വം, വിവാഹമോചനത്തിലെ കൊള്ളരുതായ്മ തുടങ്ങിയവ ഇസ്‌ലാമികമല്ല എന്ന വിശ്വാസം പ്രചരിപ്പിക്കണം– ഖുർആനും നബി വചനങ്ങളും മനുഷ്യയുക്തിയും ചേർന്നതാണ് ശരീഅത്ത്. കാലത്തിനും ദേശത്തിനും അനുസരിച്ച് വിശ്വാസത്തിന്റെ സത്തക്ക് മാറ്റം വരാതെ, മതത്തിലെ സാമൂഹിക നിയമങ്ങൾ പരിഷ്കരിക്കുന്നതുകൊണ്ട് ഒരാപത്തും വരാനില്ല" (*മാതൃഭൂമി* 8.4.'84). ഇതിൽ സത്യവും അർധസത്യവും കൂടിക്കലർന്നിരിക്കുന്നു. വിശുദ്ധ ഖുർആനിലെയും തിരുസുന്നത്തിലെയും വ്യക്തമായ കൽപനകൾ മാറ്റത്തിന് വിധേയമല്ല. മറ്റു കാര്യങ്ങൾ ഖുർആനിക തത്ത്വങ്ങൾക്കനുസൃതമായി പരിഷ്കരിക്കാവുന്നതാണ്. ഇത് ഇന്ത്യൻ ഭരണനിർമാതാക്കൾ സമ്മതിക്കുമോ എന്നതാണ് ചോദ്യം. ഏക സിവിൽകോഡ് എന്ന ലക്ഷ്യം ഭരണഘടനയിലുള്ളേടത്തോളം കാലം അതിനെപ്പറ്റി ഒരു ഉറപ്പും നമുക്കുണ്ടാവാനിടയില്ല.

അതുകൊണ്ട് ആധുനികത്വവാദികളായ മുസ്‌ലിംകളും തങ്ങളുടെ ബഹുഭൂരിപക്ഷം സഹോദരങ്ങളോടൊപ്പം ചേർന്ന്, മുസ്‌ലിംകൾ ഒറ്റക്കെട്ടായി ശരീഅത്തിന് വേണ്ടി വാദിക്കണം. ആ നല്ല കാലം വരുന്നതുവരെ ഇപ്പോഴുള്ളതെങ്കിലും നിലനിർത്തണം. അതിലുള്ള അപാകതകൾ അകറ്റാൻ മഹല്ലടിസ്ഥാനത്തിലും സമുദായാടിസ്ഥാനത്തിലും പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് നാം മുന്നേറണം. വിദ്യാഭ്യാസം സാർവത്രികമാക്കുക, മതബോധം വളർത്തുക, സ്ത്രീധനം എല്ലാ നിലയിലും അവസാനിപ്പിക്കുക, ബഹുഭാര്യാത്വം അനുവദിച്ചിട്ടുള്ളത് ദുരുപയോഗപ്പെടുത്തുന്നത് തടയുക, വിവാഹമോചനം നിരുത്സാഹപ്പെടുത്തുക, ദത്തെടുക്കൽ അനുവദിക്കാതിരിക്കുക, മദ്യപാനം നിർമാർജനം ചെയ്യുക മുതലായ പലതും സാമൂഹികതലത്തിൽ നമുക്ക് ചെയ്യാവുന്നതാണ്. 'ബ്രിട്ടീഷുകാർ വ്യക്തിനിയമം കൊണ്ടുവന്നു. സർ സയ്യിദും ജിന്നയും അതിനെ പരിഷ്കരിക്കാനാവശ്യപ്പെട്ടു' എന്നത് ശരിയല്ല. ബ്രിട്ടീഷുകാർ നടപ്പിലാക്കിയത് പാരമ്പര്യ നിയമങ്ങളായിരുന്നു(Customary Law). അതിനെ ഒന്നൊന്നായി പരിഷ്കരിച്ച് ഇസ്‌ലാമിക ശരീഅത്തിലേക്ക് നയിച്ചത് മുസ്‌ലിംകളുടെ കൂട്ടായ ആവശ്യത്തിന്മേലാണ്. നമ്മുടെ നാട്ടിലെ മരുമക്കത്തായ സമ്പ്രദായം പരിഷ്കരിച്ചത് നമുക്കറിയാമല്ലോ. 1937–ൽ മുസ്‌ലിം വ്യക്തിനിയമങ്ങൾ വന്നു. സുന്നികൾക്കും ശീഈകൾക്കും സ്വീകാര്യമായ നിയമങ്ങളാണ് അവ ഉൾക്കൊള്ളുന്നത്. അതിൽ ഇസ്‌ലാമിന് നിരക്കാത്ത മാറ്റങ്ങൾ വരുത്താനാണ് 1947–നു ശേഷം നടന്നുവരുന്ന ശ്രമങ്ങൾ. അതുകൊണ്ടുതന്നെയാണ് മുസ്‌ലിംകൾ ശരീഅത്ത് പരിഷ്കരണത്തെ എതിർക്കുന്നതും. ■